പതിമൂന്നാം കേരള നിയമസഭ

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 595** — 9-2-2016 ൽ മറുപടിക്ക്

**ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ. ചന്ദ്രശേഖരൻ** | **ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(എ) കഴിഞ്ഞ സർക്കാരിൻെറ കാലത്ത് (2010 11 സാമ്പത്തിക വർഷം) വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചത്.

(ബി) ഇവയിൽ എല്ലാ സ്ഥാപനങ്ങളും ഇപ്പോഴും ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഈ 23 സ്ഥാപനങ്ങളിൽ 12 പൊതുമേഖലാ സ്ഥാപനങ്ങൾ 2014-15 സാമ്പത്തിക വർഷം ലാഭത്തിലാണ് പ്രവർത്തിച്ചത്.

വിദേശരാജ്യങ്ങളിൽ നിന്നുള്ള ടൈറ്റാനിയം ഡയോക്സൈ ഡിൻെറ അനാരോഗ്യകരമായ ഇറക്കുമതി, കെ.എം.എം.എൽ, റ്റി.റ്റി.പി എന്നീ കമ്പനികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. എൻ. ടി.പി.സിയുമായുള്ള കരാർ പ്രകാരം വിഭാവനം ചെയ്തിരുന്ന വികസന പദ്ധതികൾ പൂർണ്ണ തോതിൽ സമയബന്ധിതമായി പൂർത്തീകരിക്കാ ൻ സാധിക്കാത്തതിനാൽ ടെൽക്കിൻെറ പ്രവർത്തന ങ്ങളെ സാരമായി ബാധിച്ചു. വ്യവസായ മേഖലയിലുണ്ടായ മാന്ദ്യവും അനാരോഗ്യകരമായ ഇറക്കുമതിയും

പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന ത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ ഉണ്ടായിട്ടുള്ള വിലതകർച്ചയും മാന്ദ്യവും ആ മേഖലയിലുള്ള സ്ഥാപനങ്ങളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരം മൂലം അറ്റാദായത്തിലുണ്ടാകുന്ന

| | | | |
|---|---|---|---|
| | | | കുറവ്, അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനവ്, വൈദ്യുതിചാർജ്ജിനത്തിലുള്ള വർദ്ധനവ് എന്നിവ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷം 14 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |

Hame

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 1 | കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 2 | മലബാർ സിമൻറ്സ് ലിമിറ്റഡ് |
| 3 | കിൻഫ്ര |
| 4 | കേരള സ്മോൾ ഇൻട്രസ്ടീസ് ഡവലപ്മെൻറ് കോർപ്പറേഷൻലിമിറ്റഡ് |
| 5 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 6 | കാപ്പെക്സ് |
| 7 | കേരള ക്ലെയിസ് ആൻറ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ് |
| 8 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 9 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 10 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 11 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 12 | കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് |
| 13 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |
| 14 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |

Hanu
സെക്ഷൻ ഓഫീസർ